**കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
[1956 - ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം]
CIN: U40100KL2011SGC027424
രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം
പട്ടം, തിരുവനന്തപുരം, കേരളം - 695 004
website: www.kseb.in Email: pokseb@gmail.com
Phone No.: 0471-2514527 Office 0471-2514455, Fax: 0471-2514472


നം. പി. എസ്. 1 (എ)/ID Cards/2011 തീയതി: 25/03/2020.

## പരിപത്രം

വിഷയം:- വൈറസ് ജന്യരോഗമായ 'കോവിഡ്-19' ന്റെ (കൊറോണയുടെ) സംക്രമണ സാദ്ധ്യത കുറയ്ക്കുവാനുള്ള പ്രാഥമികനടപടിയെന്ന നിലയ്ക്ക്, KSEBL ജീവനക്കാരുടേയും, ഓഫീസർമാരുടേയും, ഹാജർ രേഖപ്പെടുത്തുവാൻ 'ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം' ഉപയുക്തമാക്കിയിരുന്ന രീതി താല്ക്കാലികമായിട്ടാണെങ്കിൽപോലും നിർത്തിവച്ചിട്ടുള്ള സാഹചര്യത്തിൽ, ജീവനക്കാരുടേയും, ഓഫീസർമാരുടേയും, ഹാജർനില HRIS-ലൂടെ തന്നെ റിപ്പോർട്ടുചെയ്യുന്നതിനായി അനുവർത്തിയ്ക്കേണ്ട നടപടിക്രമങ്ങളും, മാർഗ്ഗരേഖകളും - സംബന്ധിച്ച്.

സൂചന:- (1) 12/03/2020-ൽ പുറപ്പെടുവിക്കപ്പെട്ട പി.എസ്. 1 (എ)/ID Cards/2011-ാം നമ്പർ പരിപത്രം.
(2) ഫയൽ നമ്പർ. പി. എസ്. 1 (എ)/ID Cards/2011-ലെ പരാമർശങ്ങളെ അധികരിച്ചുള്ള ബഹു. ഡയറക്ടർ (ഡി., ഐ. റ്റി. & എച്ച്. ആർ. എം.)-ന്റെ 18/03/2020-ലെ ഉത്തരവ്.

വൈറസ് ജന്യ രോഗമായ 'കോവിഡ്-19' അഥവാ 'കൊറോണ', ടി രോഗബാധിതരായ മനുഷ്യരുടെ സ്പർശനമേറ്റ വസ്തുക്കളിലൂടെയും മറ്റുള്ളവരിലേയ്ക്ക് അതിവേഗം വ്യാപിക്കുമെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ, KSEBL ജീവനക്കാരുടേയും, ഓഫീസർമാരുടേയും ഹാജർ രേഖപ്പെടുത്തുവാൻ ഉപയുക്തമാക്കിവരുന്ന "ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റത്തിന്റെ" ഉപയോഗം തുടരുന്നതിലൂടെ കൊറോണാ വ്യാപനസാദ്ധ്യത പതിന്മടങ്ങ് വർദ്ധിച്ചേക്കാമെന്ന് വിലയിരുത്തപ്പെടുകയുണ്ടായി. ഇതേത്തുടർന്ന്, പ്രസ്തുത രോഗത്തിന്റെ സംക്രമണസാദ്ധ്യത പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ, "ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം" നിലവിലുള്ള എല്ലാ KSEBL കാര്യാലയങ്ങളിലേയും ജീവനക്കാരുടേയും, ഓഫീസർമാരുടേയും, ഹാജർ സംബന്ധമായ ആധികാരിക വിവരങ്ങൾക്കായി പഞ്ചിംഗ് സിസ്റ്റത്തെ മാത്രം അവലംബിക്കുന്നത്, മറ്റൊരറിയിപ്പ് ഉണ്ടാകുന്നതുവരെ, സൂചന (1) ലെ പരിപത്രപ്രകാരം, നിർത്തിവയ്ക്കപ്പെട്ടിരുന്നു.

എന്നാൽ, "ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം" ഉപയോഗപ്പെടുത്തുന്നത് താല്ക്കാലികമായിട്ടാണെങ്കിൽപോലും നിർത്തിവച്ചിട്ടുള്ള സാഹചര്യത്തിൽ, KSEBL ജീവനക്കാരുടേയും, ഓഫീസർമാരുടേയും, ഓരോ ദിവസത്തേയും ഹാജർനില **Present/ Absent (Full day, Half day or Leave** എന്നിങ്ങനെ), അതാതു ദിവസം തന്നെ **HRIS**-ൽ രേഖപ്പെടുത്തേണ്ടതാണെന്നും, അവധിയിൽ പ്രവേശിയ്ക്കയാൽ ഹാജരാകാത്തവരുണ്ടെങ്കിൽ, ഏതുതരം അവധിയാണ് **(Casual Leave, Commuted Leave, LWA etc.)**

Scanned by CamScanner

അവർ ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്ന വിവരംകൂടി HRIS-ൽ ഉൾപ്പെടുത്തേണ്ടതാണെന്നും, സൂചന (2) പ്രകാരം, ബഹു. ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ. റ്റി. & എച്ച്. ആർ. എം.) ഉത്തരവായിട്ടുണ്ട്.

12/03/2020-ൽ പുറപ്പെടുവിക്കപ്പെട്ട, ടി പരിപത്രപ്രകാരം, പഞ്ചിംഗ് നിർത്തിവയ്ക്കപ്പെട്ട ദിവസം (12/03/2020-നു തൊട്ടുമുൻപായാലും, ശേഷമായാലും, പ്രായോഗികമായി പഞ്ചിംഗ് നിർത്തിവയ്ക്കപ്പെട്ട ദിവസം) മുതലുള്ള എല്ലാ പ്രവൃത്തി ദിവസങ്ങളിലേയും, എല്ലാ KSEBL ജീവനക്കാരുടേയും, ഓഫീസർ മാരുടേയും അതാതു ദിവസത്തെ "ഹാജർനില", HRIS-ൽ രേഖപ്പെടുത്തേണ്ടത് 'HRIS data പ്രകാരം, അവർക്ക് Service break ഉണ്ടാകാതിരിക്കാൻ അനിവാര്യമാണ് ' എന്നതിനാൽ, ഓരോ ദിവസത്തേയും ഹാജർനില HRIS-ൽ കൃത്യമായി രേഖപ്പെടുത്താനാവശ്യമായ ക്രമീകരണങ്ങൾ, ബന്ധപ്പെട്ടവർ നിർബന്ധമായും ഏർപ്പെടുത്തേണ്ടതുമാണ്.

KSEBL-ലെ എല്ലാ നിയന്ത്രണാധികാരികളും, തങ്ങളുടെ അധികാരപരിധിയിലുള്ള ജീവനക്കാരുടേയും, ഓഫീസർമാരുടേയും ഹാജർനില സംബന്ധിച്ചുള്ള മേല്പറഞ്ഞ വിവരങ്ങൾ, മേൽ സൂചിപ്പിച്ച പ്രകാരം, അതാതു ദിവസം തന്നെ HRIS-ൽ രേഖപ്പെടുത്തേണ്ടതും, ആയത്, 2020-മാണ്ട് ഫെബ്രുവരി മാസം 16-ാം തീയതി മുതൽ മാർച്ച് മാസം 15-ാം തീയതി വരെയുള്ളതും, ഉടൻ സമർപ്പിക്കപ്പെടേണ്ടതുമായ അവരുടെ അറ്റൻഡൻസ് സ്റ്റേറ്റുമെന്റിൽ ഉൾക്കൊള്ളിയ്ക്കേണ്ടതുമാണ്.

കൂടാതെ, ബയോ മെട്രിക് പഞ്ചിംഗ് പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട്, മറ്റൊരുത്തരവ് പുറപ്പെടുവിക്കപ്പെടുന്നതുവരെ(അഥവാ പ്രായോഗികമായി പഞ്ചിംഗ് പുനഃസ്ഥാപിയ്ക്കപ്പെടുന്ന ദിവസം വരെയുള്ള ഹാജർ നില കൂടി ഉൾപ്പെടുത്തി) സമർപ്പിയ്ക്കപ്പെടുന്ന എല്ലാ അറ്റൻഡൻസ് സ്റ്റേറ്റുമെന്റുകളിലും, ജീവനക്കാരുടേയും, ഓഫീസർമാരുടേയും, അതാതു കാലയളവുകളിൽ രേഖപ്പെടുത്തപ്പെട്ട ഹാജർനില സംബന്ധിച്ച മേല്പറഞ്ഞ വിവരങ്ങൾ (ആവശ്യമായ രേഖകൾ സഹിതം) വ്യക്തമായും കൃത്യമായും ഉൾപ്പെടുത്തിത്തന്നെ നൽകേണ്ടതുമാണ്.

എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റ് മേധാവികളും, HRIS-ൽ രേഖപ്പെടുത്തപ്പെട്ട അതാതു കാലയളവുകളിലെ അവധി സംബന്ധമായ വിവരങ്ങൾ, ആയതിനാധാരമായ അസ്സൽ രേഖകളുമായി ഒത്തുനോക്കി, ന്യൂനതകളില്ലെന്ന് ഉറപ്പുവരുത്തേണ്ടതും, ന്യൂനതകളുള്ളപക്ഷം, ആയതു സംബന്ധിച്ച വിവരം ബന്ധപ്പെട്ടവരെ അറിയിച്ച്, താമസം വിനാ പരിഹരിക്കേണ്ടതുമാണ്.

മേല്പറഞ്ഞ നിർദ്ദേശങ്ങൾ "ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റത്തിന്റെ" ഉപയോഗം താല്ക്കാലികമായി നിർത്തിവച്ചിട്ടുള്ള എല്ലാ KSEBL കാര്യാലയങ്ങളിലും അടിയന്തരമായി നടപ്പിലാക്കേണ്ടതും, പഞ്ചിംഗ് നിർത്തിവയ്ക്കപ്പെട്ട ദിവസം മുതൽ, ആയത് പുനസ്ഥാപിക്കപ്പെടുന്നതുവരെയുള്ള കാലയളവിൽ, പഞ്ചിംഗിന്റെ അഭാവം കൊണ്ടുമാത്രം, ഒരു ഓഫീസറുടെയെന്നല്ല, ഒരു ജീവനക്കാരന്റെ പോലും "ഹാജർനില" സംബന്ധിച്ച വിവരങ്ങൾ, HRIS-ൽ സമയബന്ധിതമായി രേഖപ്പെടുത്തപ്പെടാതെപോകുന്നില്ലെന്ന്, എല്ലാ നിയന്ത്രണാധികാരികളും, അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റ് മേധാവികളും ഉറപ്പുവരുത്തേണ്ടതുമാണ്.



Scanned by CamScanner

മേല്പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിലുണ്ടാകുന്ന പിഴവുകൾ മൂലം, ഏതെങ്കിലും ജീവനക്കാരനോ/ഓഫീസർക്കോ **HRIS data** പ്രകാരം, **Service break** ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപെടുന്ന പക്ഷം, ബന്ധപ്പെട്ടവർക്കെതിരെ, കർശന നടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

ഒപ്പ്
സെക്രട്ടറി (ഭരണം)

പകർപ്പ്:-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും.
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും.
KSEBL ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റിന്.
ഡയറക്ടർ (ഫിനാൻസ്) ന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്.
ഡയറക്ടർ (ഡി., ഐ. റ്റി. & എച്ച്. ആർ. എം.) ന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്.
ഡയറക്ടർ (റ്റി., എസ്. ഒ., സി. പി., ആർ. ഇ. ഇ. എസ്. & സേഫ്റ്റി) യുടെ ടെക്നിക്കൽ അസിസ്റ്റന്റിന്.
ഡയറക്ടർ (ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്. സി. എം.) ന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്.
ഡയറക്ടർ (ജനറേഷൻ (സിവിൽ) ന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്.
കമ്പനി സെക്രട്ടറി (ഇൻ ചാർജ്ജ്).
സെക്രട്ടറി (ഭരണം) ന്റെ സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്.
ഫിനാൻഷ്യൽ അഡ്വൈസർ/ ചീഫ് ഇന്റേണൽ ഓഡിറ്റർ.
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ.
ചീഫ് വിജിലൻസ് ഓഫീസർ/ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ. റ്റി.)
ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ/ ഡെപ്യൂട്ടി സെക്രട്ടറി (ഭരണം)/ ചീഫ് പേഴ്സണൽ ഓഫീസർ
ഫെയർ കോപ്പി സൂപ്രണ്ട്/ റെക്കോർഡ് സെക്ഷൻ/ ലൈബ്രറി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം,

സീനിയർ സൂപ്രണ്ട്.



Scanned by CamScanner